മലയാള മനോരമ
ESTABLISHED 1888
11 October 2023

# ഭക്ഷ്യോൽപാദനം: സുസ്ഥിര വ്യവസ്ഥ വികസിപ്പിക്കണമെന്നു കേന്ദ്ര മന്ത്രി

**മനോരമ ലേഖകൻ**

കൊച്ചി • വർധിച്ചു വരുന്ന ഭക്ഷ്യ ആവശ്യകത, പരിസ്ഥിതി മലിനീകരണം, കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന ഭീഷണി എന്നിവയുടെ പശ്ചാത്തലത്തിൽ ഭക്ഷ്യോൽപാദന വ്യവസ്ഥ സുസ്ഥിരമായി വികസിപ്പിക്കണമെന്നു കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല നിർദേശിച്ചു. ദേശീയ അഗ്രിക്കൾചറൽ സയൻസ് കോൺഗ്രസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കൃഷി ഭൂമിക്കൊപ്പം കടലിലെയും ഉൾനാടൻ ജലാശലയങ്ങളിലെയും ജൈവ ആവാസ വ്യവസ്ഥയ്ക്കു ഭീഷണിയുയർത്തുന്ന തരത്തിലാണു മലിനീകരണം. ഇതിനു ശാശ്വത പരിഹാരം കാണാൻ ശാസ്ത്രജ്ഞരോടും ഗവേഷകരോടും മന്ത്രി ആവശ്യപ്പെട്ടു. പൊക്കാളി അരി പോലുള്ള പരമ്പരാഗത വിളകൾ പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. കർഷകരുടെ വരുമാനം മെച്ചപ്പെടുത്തണം. കാർഷികമേഖലയിൽ തൊഴിലെടുക്കുന്നവരിൽ പകുതിയോളം സ്ത്രീകളാണെന്നതിനാൽ സ്ത്രീ സൗഹൃദ സാങ്കേതികവിദ്യകൾ വികസിപ്പിക്കേണ്ടതുണ്ടെന്നും മന്ത്രി ഓർമിപ്പിച്ചു.



കൊച്ചിയിൽ നടക്കുന്ന ദേശീയ അഗ്രിക്കൾചറൽ സയൻസ് കോൺഗ്രസ് കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല ഉദ്ഘാടനം ചെയ്യുന്നു. ഡോ. ജെ.കെ. ജെന, ഡോ. കെ.എം. ബാജർബർവ, ഡോ. എ. ഗോപാലകൃഷ്ണൻ, ഡോ. ഹിമാൻഷു പഥക്, ഹൈബി ഈഡൻ എംപി, മന്ത്രി പി.പ്രസാദ്, ഡോ. എ. കെ. സിങ്, ഡോ. ഡബ്ല്യു.എസ്. ലക്ര എന്നിവർ സമീപം.

നാഷനൽ അക്കാദമി ഓഫ് അഗ്രികൾചറൽ സയൻസസ് (നാസ്) ആണു സമ്മേളനം സംഘടിപ്പിക്കുന്നത്. നാസ് ഏർപ്പെടുത്തിയ വിവിധ പുരസ്കാരങ്ങൾ മന്ത്രി വിതരണം ചെയ്തു. എക്സ്പോയുടെ ഉദ്ഘാടനവും കേന്ദ്രമന്ത്രി നിർവഹിച്ചു. അന്തരിച്ച കാർഷിക ശാസ്ത്രജ്ഞനും നാസിന്റെ ആദ്യ പ്രസിഡന്റുമായ ഡോ. എം.എസ്. സ്വാമിനാഥനെ അനുസ്മരിച്ചാണു സമ്മേളനം ആരംഭിച്ചത്. കേന്ദ്ര കൃഷി ഗവേഷണ വിദ്യാഭ്യാസ വകുപ്പു സെക്രട്ടറിയും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ഡയറക്ടർ ജനറലുമായ ഡോ. ഹിമാൻഷു പഥക് അധ്യക്ഷനായി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദേശം അദ്ദേഹം വായിച്ചു. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമാണു സമ്മേളനത്തിന് ആതിഥ്യം വഹിക്കുന്നത്. മന്ത്രി പി. പ്രസാദ്, ഹൈബി ഈഡൻ എംപി, ഐസിഎആർ ഡപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ. കെ. ജെന, നാസ് സെക്രട്ടറി ഡോ. ഡബ്ല്യു.എസ്. ലക്ര, വൈസ് പ്രസിഡന്റ് ഡോ. എ. കെ. സിങ് , സിഎംഎഫ്ആർഐ ഡയറക്ടറും സംഘാടക സമിതി സെക്രട്ടറിയുമായ ഡോ. എ. ഗോപാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

# 10 വർഷം പഴക്കമുള്ള വിത്തിനങ്ങൾ ഉപയോഗിക്കരുത്: ഐസിഎആർ

കൊച്ചി • കാലാവസ്ഥാ വ്യതിയാനം കാർഷിക മേഖലയെ ബാധിക്കുന്ന പശ്ചാത്തലത്തിൽ 5 വർഷത്തിലേറെ പഴക്കമുള്ള വിത്തിനങ്ങൾ ഉപയോഗിക്കുന്നതു നിരുത്സാഹപ്പെടുത്തുമെന്നു ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ഡയറക്ടർ ജനറൽ ഡോ. ഹിമാൻഷു പഥക് പറഞ്ഞു. 10 വർഷത്തിനിടയിൽ ഐസിഎആർ വികസിപ്പിച്ച 2200 വിത്തിനങ്ങളിൽ 1850 ഇനങ്ങൾ കാലാവസ്ഥാ വ്യതിയാനം ചെറുക്കാൻ പര്യാപ്തമായവയാണ്. 10 വർഷത്തിലേറെ പഴക്കമുള്ള വിത്തിനങ്ങൾ ഉപയോഗിക്കരുതെന്നാണു കർഷകർക്ക് ഇപ്പോൾ നൽകുന്ന മാർഗനിർദേശം. കാലാവസ്ഥ വ്യതിയാനം അതിവേഗം സംഭവിക്കുന്നതിനാൽ ഏറ്റവും പുതിയ വിത്തിനങ്ങൾ കർഷകർ ഉപയോഗിക്കണമെന്ന് അദ്ദേഹം നിർദേശിച്ചു.